<u>**15 -ാം കേരള നിയമസഭ**</u>

<u>**1 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 479**</u> <u>**08-06-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കേരള ബാങ്ക്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | വ്യക്തിഗത വായ്പകൾക്ക് കൂട്ടുപലിശ ഈടാക്കാൻ കേരളാ ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് അനുമതി നൽകുകയുണ്ടായോ; | (എ) | അനുമതി നൽകിയിട്ടുണ്ട്. RBI മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തി- ലാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | ഇത്തരത്തിൽ കൂട്ടുപലിശ ഈടാക്കുന്നത് സഹകരണ നയത്തിന് വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) | റിസർവ്വ് ബാങ്കിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് സഹകരണ ബാങ്ക് ആയതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്ക് റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ റിസർവ്വ് ബാങ്ക് നിർദ്ദേശങ്ങൾക്ക് വിധേയമായി ബാങ്കുകളിലെ പലിശ നിരക്കുകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് RBI സർക്കുലർ പ്രകാരം കേരള ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നുണ്ട്. |
| (സി) | ഈ നടപടി മൂലം കേരളത്തിന്റെ സ്വന്തം ബാങ്ക് എന്ന നിലയിൽ രൂപീകൃതമായ കേരള ബാങ്ക്, വാണിജ്യ ബാങ്കുകളെക്കാൾ വലിയ കൊള്ള നടത്തുന്ന അവസ്ഥയിലേക്ക് പോകുമെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃത്യമായി വായ്പാ തിരിച്ചടവ് നടത്തുന്നവർക്ക് അധിക ബാദ്ധ്യത ഉണ്ടാകുന്നതല്ല. കുടിശ്ശിക വരുത്തിയവർക്ക് സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും ബാങ്കിന്റെ റിക്കവറി മാനേജ്മെന്റ് പോളിസി പ്രകാരവും കൂട്ട് പലിശയും, പിഴ പലിശയും പൂർണമായി ഒഴിവാക്കി നൽകുന്നുണ്ട്. |
| (ഡി) | കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ഇത്തരം നടപടി സാധാരണക്കാർക്കും ഗുരുതരരോഗം ബാധിച്ചും അപകടങ്ങളിൽപ്പെട്ടും തിരിച്ചടവ് മുടങ്ങിയവർക്കും കനത്ത ബാദ്ധ്യത ഉണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ഡി) | കോവിഡ് മഹാമാരിയുടെ ഒന്നാം വ്യാപനഘട്ടത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs, എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മൊറട്ടോറിയം അനുവദിച്ച് RBI നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾക്കും കൂടി ബാധകമാക്കി 31.08.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിരുന്നു. രണ്ടാം വ്യാപനത്തെ തുടർന്നുള്ള മൊറട്ടോറിയം സംബന്ധിച്ച് റിസർവ്വ് ബാങ്കിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന പക്ഷം |

| | | | |
|---|---|---|---|
| | | | മോറട്ടോറിയം നടപ്പിലാക്കുമ്പോൾ ഇടപാടുകാർക്ക് ന്യായമായ ഇളവുകൾ ലഭിക്കുന്നതാണ്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പിലാക്കി വരുന്ന നവകേരളീയം കുടിശ്ശിക നിവാരണം 2021 പദ്ധതിയുടെ കാലാവധി 31.08.2021 വരെ ദീർഘിപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സംസ്ഥാന സഹകരണ ബാങ്കിന് അനുവാദം നൽകി ഉപ നിബന്ധന അംഗീകരിച്ച് നൽകിയിട്ടുണ്ട്. അംഗീകരിച്ച് നൽകിയ ഉപനിബന്ധനയിൽ വായ്പക്കാരൻ മരണപ്പെട്ട വായ്പകൾ ഗുരുതര രോഗം ബാധിച്ചും അപകടങ്ങളിൽപ്പെട്ടും ശയ്യാവലംബരായി വായ്പാ തിരിച്ചടവ് മുടങ്ങിയവർ നിരാലംബർ, മാതാപിതാക്കളുടെ മരണംമൂലം അവർ എടുത്ത വായ്പകൾ തങ്ങളുടെ ബാദ്ധ്യത ആയവർക്കും ഇളവുകൾ നൽകുന്നതിന് പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | എങ്കിൽ കൂട്ടുപലിശ പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (ഇ) | ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകളിൽ കുടിശ്ശിക ആകുന്ന വായ്പകളിൽ കൂട്ടുപലിശ ഈടാക്കുന്നത് RBI വ്യവസ്ഥകൾക്ക് വിധേയമായാണ്. |

സെക്ഷൻ ഓഫീസർ